## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4361** **12/11/2019 ൽ മറുപടിക്ക്**

### ശബരിമലയിലെ കടമുറികളും സ്ഥലവും ലേലം ചെയ്യുന്ന നടപടി

**ചോദ്യം**

**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**

**മറുപടി**

**കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ശബരിമലയിൽ പ്ലാപ്പള്ളി മുതൽ സന്നിധാനം വരെയുള്ള കടമുറികളും സ്ഥലവും ലേലം ചെയ്യുന്ന നടപടി പൂർത്തിയായിട്ടുണ്ടോ; | (എ) | ലേല നടപടികൾ നടന്നു വരുന്നു |
| (ബി) | ഈ വർഷത്തെ ഇ-ടെൻഡർ നടപടികൾക്ക് ലഭിച്ച പ്രതികരണം മോശമായിരുന്നോ; എങ്കിൽ അതിനുള്ള കാരണമെന്താണ്; വ്യക്തമാക്കുമോ; | (ബി) | കുത്തക വിവര പ്രകാരം 213 ഇനങ്ങൾക്കായി ഇ-ടെണ്ടർ നടത്തിയതിൽ ആകെ 49 ഇനങ്ങൾ ലേലം പോയിട്ടുള്ളതാണ്. ബാക്കി ഇനങ്ങൾക്ക് 12.11.2019 ൽ ലേലം നിശ്ചയിച്ചിട്ടുണ്ട്. വരുമാനക്കുറവ് ഉണ്ടാകുമെന്ന് കരുതിയാകാം. കുത്തക ഏറ്റെടുക്കാൻ വൈമനസ്യം കാണിക്കുന്നതെന്ന് കരുതുന്നു. |
| (സി) | കഴിഞ്ഞ സീസണിൽ കടമുറികളും സ്ഥലവും ലേലത്തിൽ പോയത് എത്ര കോടി രൂപയ്ക്കാണ്; ഈ വർഷം എന്ത് തുക ഇതുവരെ ലഭിച്ചു; അറിയിക്കുമോ; | (സി) | മുൻ വർഷം 37,81,27,889/- ( മുപ്പത്തിയേഴ് കോടി എൻ പത്തിയൊന്ന് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി എണ്ണൂറ്റി എൺപത്തിയൊൻപത് രൂപയും) ഈ വർഷം ഇതുവരെ 13,88,40,004/- (പതിമൂന്ന് കോടി എൺപത്തിയെട്ട് ലക്ഷത്തി നാല്പതിനായിരത്തി നാല് രൂപയും ) ലേലം നടന്നിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ലേലത്തിൽ കുറഞ്ഞ തുക ലഭിച്ചത് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതിയെ ദോഷകരമായി ബാധിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ഡി) | ലേലം പൂർത്തിയാക്കുന്ന മുറയ്ക്ക് ലേലത്തുകയിൽ വർദ്ധനവ് ഉണ്ടാകുന്നതാണ്. |
| (ഇ) | എങ്കിൽ ഈ പ്രതിസന്ധി നേരിടുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (ഇ) | ലേലം പോകാത്ത ഇനങ്ങൾക്ക് ആവർത്തന ലേല നടപടികൾ നടന്നു വരികയാണ്. 12.11..19 ന് ശേഷവും കുത്തകലേലം ആരും തന്നെ എടുക്കാത്ത സാഹചര്യം ഉണ്ടാകുകയാണെങ്കിൽ സർക്കാർ തലത്തിൽ താത്കാലിക സംവിധാനം ഒരുക്കാൻ തീരുമാനമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ